പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3999 — 31.01.2014 ൽ മറുപടിയ്ക്ക്

## ജീവദായിനി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജീവദായിനി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ അടിയന്തിര ഘട്ടങ്ങളിൽ രക്തം ആവശ്യമുള്ളവർക്ക് യാതൊരു വിധ സാമ്പത്തിക ബാധ്യതയുമില്ലാതെ അത് ലഭ്യമാക്കുന്നതിനുള്ള ജീവദായിനി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 13.50 ലക്ഷം (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപ ചെലവഴിച്ച് എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ച് ക്രമേണ മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) ജീവദായിനി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1.അടിയന്തിര ഘട്ടങ്ങളിൽ സുരക്ഷിതവും സൗജന്യവുമായിട്ടുള്ള രക്തദാനം സാധ്യമാക്കുക.<br>2.സന്നദ്ധ രക്തദാന ഗ്രൂപ്പ് രൂപീകരിക്കുക.<br>3.രക്തദാതാക്കളുടെ ഡേറ്റാ ബാങ്ക് രൂപീകരിക്കുക.<br>4.ഓൺലൈൻ ഡേറ്റാ ബാങ്ക് രൂപീകരിക്കുകയും രക്തബാങ്കുകളിൽ രക്തം ലഭ്യമാക്കുകയും ചെയ്യുക.<br>5.രക്തം ആവശ്യമുള്ളവർക്ക് ബന്ധപ്പെടുവാൻ Toll Free Call Centre ആരംഭിക്കുക. |
| (സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളും കോളേജുകളിലെ എൻ.എസ്.എസ് / എൻ.സി.സി യൂണിറ്റുകളും മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ |

| | |
|---|---|
| | തിരുവനന്തപുരം ജില്ലയിൽ ഗവ. മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്ക്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി. എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ബ്ലഡ് ബാങ്ക് യൂണിറ്റ്, എറണാകുളം ജില്ലയിൽ ജനറൽ ഹോസ്പിറ്റൽ ബ്ലഡ് ബാങ്ക്, ഐ.എം.എ ബ്ലഡ് ബാങ്ക്, കോഴിക്കോട് ജില്ലയിൽ ഗവ. മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്ക് ജനറൽ ഹോസ്പിറ്റൽ ബ്ലഡ് ബാങ്ക് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ ? | ഡി) ജീവദായിനി പദ്ധതി തിരുവനന്തപുരം എറണാകുളം. കോഴിക്കോട് ജില്ലകളിൽ 2014 ഫെബ്രുവരി ആദ്യ വാരം മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ